LIBRARY ARCHIVES Kerala Legislative Assembly

കെ. ടി. ഡി. സി. യുടെ ബിയർ പാർലറുകൾ

262 [1215] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബിയർ പാർലറുകളാണ് കെ.ടി.ഡി.സി. നടത്തുന്നത്;

(ബി) ബിയർ പാർലർ നടത്തുകവഴി ഓരോ വർഷവും എന്ത് ലാഭമാണ് ഉണ്ടാക്കാൻ കഴിഞ്ഞതെന്ന് 2001 മുതലുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കൂടുതലായി ബിയർ പാർലറുകൾ ആരംഭിക്കാൻ കെ.ടി.ഡി.സി. ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എവിടെയൊക്കെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 26 ബിയർ പാർലറുകൾ.

(ബി) ലാഭത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു:

2001–2002	..	101.77 ലക്ഷം രൂപ
2002–2003	..	99.5 ലക്ഷം രൂപ
2003–2004	..	106.38 ലക്ഷം രൂപ
2004–2005	..	77.28 ലക്ഷം രൂപ

ബിയർ പാർലർ ലൈസൻസ് ഫീയിൽ വന്ന വർദ്ധനവ് കാരണമാണ് 2004–2005–ൽ ലാഭം കുറഞ്ഞത്.

(സി) ഉണ്ട്.

(ഡി) കുമരകം, മണ്ണാർക്കാട്, തണ്ണീർമുക്കം തുടങ്ങിയ സ്ഥലങ്ങളിൽ തുടങ്ങാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

പ്രത്യേക വിനോദസഞ്ചാര മേഖലകൾ

263 [1216] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക വിനോദ സഞ്ചാരമേഖലകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഉദ്ദേശലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാം; മേഖലകൾ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഈ മേഖലകൾ എന്ന് മുതൽ നിലവിൽ വന്നു; ഓരോ മേഖലയുടെയും വിസ്തീർണ്ണം എത്ര; അതിർത്തികൾ ഏതെല്ലാമാണ്;

(സി) ഓരോ മേഖലയിലേയും നിലവിലുള്ള സ്ഥിതി പ്രത്യേകം പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ മേഖലതിരിച്ച് വിശദമാക്കുമോ;

(ഡി) ഓരോ മേഖലയിലും നടത്താവുന്ന വികസനസംരക്ഷണപ്രവർത്തനങ്ങൾ എന്തെല്ലാം; ഇത് സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ മേഖലകളിൽ ടൂറിസം വകുപ്പിന്റെയും കെ.ടി.ഡി.സി. യുടെയും ഇടപെടലുകൾ എപ്രകാരമായിരിക്കുമെന്ന് വിവരിക്കുമോ;

(എഫ്) മേഖലകളിലെ വികസന-സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മൂലധനം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) – (എഫ്) 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) നിയമം അനുസരിച്ച് പ്രത്യേക വിനോദ സഞ്ചാര മേഖലകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല.

ആയുർവേദ കേന്ദ്രങ്ങളുടെ ഗുണനിലവാരം

264 [1217] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ആയുർവേദ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ ആയുർവേദ കേന്ദ്രങ്ങളിൽ പരിശോധന നടത്താറുണ്ടോ;

(സി) ഇങ്ങനെ സർക്കാർ അംഗീകരിച്ചിരിക്കുന്ന ആയുർവേദ കേന്ദ്രങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആയുർവേദ കേന്ദ്രങ്ങളെ നിലവിലുള്ള സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരവും ഒലീവ് ലീഫ്, ഗ്രീൻലീഫ് ക്ലാസിഫിക്കേഷനും ടൂറിസം

LIBRARY ARCHIVES Kerala Legislative Assembly